**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5438** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റ് മെഷീനുകളുടെ കരാർ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ടിക്കറ്റ് മെഷീനുകൾ നന്നാക്കി ഉപയോഗിക്കാം എന്നിരിക്കെ പുതിയ മെഷീനുകൾ വാങ്ങാനുള്ള കാരണം വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. (Electronic Ticketing Machine) ETM മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ National Common Mobility Card (NCMC) / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ ടിക്കറ്റ് മെഷീനുകളുടെ കരാർ കാലാവധി കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | നിലവിലുള്ള ടിക്കറ്റ് മെഷീനുകളുടെ വാറണ്ടി പിരീഡ് അവസാനിച്ചു. മെഷീനുകൾ Annual Maintenance Contract (AMC) കരാറിലാണ്. |
| (സി) | ഇല്ലെങ്കിൽ കരാർ കാലാവധി കഴിയാത്ത ടിക്കറ്റ് മെഷീനുകൾ മാറ്റാനുള്ള സാഹചര്യം വിശദമാക്കുമോ? | (സി) | നിലവിൽ ഉപയോഗിച്ച് വരുന്ന ETM മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത Automated Fare Collection System (എ.എഫ്.സി.എസ്.) സംവിധാനവുമില്ല. അവ ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ. നിലവിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ യാത്രാ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല. NCMC കാർഡുകൾ നിലവിലെ ETM മെഷീനുകളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല. ഈ കാരണങ്ങളാലാണ് ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ